ചാൾസ് വെസ്റ്റൺ സ്കൂൾ കൂംബ്സ് പി & സി അസോസിയേഷൻ

# ചോദ്യങ്ങളും ഉത്തരങ്ങളും

## എന്താണ് പി & സി?

മിക്ക സ്കൂളുകളിലും ഒരു രക്ഷാകർതൃ ഗ്രൂപ്പ് ഉണ്ടായിരിക്കും, അവരാണ് സ്കൂൾ കമ്മ്യൂണിറ്റിക്കു വേണ്ടി സംസാരിക്കുന്നവർ.

ചാൾസ് വെസ്റ്റണിൽ ഈ ഗ്രൂപ്പിനെ പി&സി അസോസിയേഷൻ എന്നാണ് അറിയപ്പെടുന്നത്. രക്ഷകർത്താക്കളും പൗരന്മാരും എന്നതിന്റെ ചുരുക്ക രൂപമാണ് പി&സി. സ്കൂളുമായും കമ്മ്യൂണിറ്റിയുമായും ബന്ധപ്പെട്ട വിഷയങ്ങൾ ചർച്ച ചെയ്യാൻ ഞങ്ങൾ രക്ഷകർത്താക്കളുമായി കൂടിക്കാഴ്ചകൾ ഒരുക്കാറുണ്ട്.

## ആരാണ് പി&സി അംഗം?

ചാൾസ് വെസ്റ്റണിലെ എല്ലാ രക്ഷകർത്താക്കളും കുട്ടികളുടെ രക്ഷിതാക്കളും സ്വയമേവ തന്നെ പി & സിയിൽ അംഗങ്ങളാകും.

## എന്താണ് പി & സി കമ്മിറ്റി?

ഈ ഗ്രൂപ്പിനെ മുന്നോട്ടു കൊണ്ടുപോകാൻ സന്നദ്ധരായ സഹായിക്കുന്ന രക്ഷകർത്താക്കളോ രക്ഷിതാക്കളോ ആണ് പി & സി കമ്മിറ്റിയിൽ ഉൾപ്പെടുന്നത്. രക്ഷകർത്താക്കളും രക്ഷിതാക്കളും സ്വയം നോമിനേറ്റ് ചെയ്യുകയും 12 മാസത്തേക്ക് കമ്മിറ്റി സ്ഥാനങ്ങളിലേക്ക് തിരഞ്ഞെടുക്കപ്പെടുകയും ചെയ്യും. ലഭ്യമായ കമ്മിറ്റി പദവികൾ:

| അത്യന്താപേക്ഷിതമായ പദവികൾ | ഓപ്ഷണൽ |
|---|---|
| പ്രസിഡന്റ് | ജനറൽ കമ്മിറ്റി അംഗങ്ങൾ |
| വൈസ് പ്രസിഡന്റ് | കമ്മ്യൂണിക്കേഷൻസ് ഓഫീസർ |
| സെക്രട്ടറി | കൗൺസിൽ പ്രതിനിധി |
| ട്രഷറർ | ഫണ്ട്റൈസിങ്ങ് കോ-ഓർഡിനേറ്റർ |
| പബ്ലിക് ഓഫീസർ | |

## എപ്പോഴാണ് പി & സി കൂടിക്കാഴ്ചകള് നടത്തുന്നത്?

3 ആമത്തെയും 8 ആമത്തെയും ആഴ്ചകളിലെ ചൊവ്വാഴ്ചകളിൽ ഞങ്ങൾ കൂടിക്കാഴ്ചകള് നടത്തും. ഈ കൂടിക്കാഴ്ചകൾ സ്കൂൾ ന്യൂസ് ലെറ്ററിലും പി & സി ഫേസ്ബുക്ക് പേജിലും പരസ്യം ചെയ്യും. ഏത് രക്ഷകർത്താവിനും രക്ഷിതാവിനും ഇതിൽ പങ്കെടുക്കാവുന്നതാണ്.

ഈ മീറ്റിംഗുകളിൽ, ആക്ടിവിറ്റികൾ, ഇവന്റുകൾ, സ്കൂളിലേക്ക് എപ്രകാരം സംഭാവന നൽകാം എന്നിവയെക്കുറിച്ച് ഞങ്ങൾ ചർച്ച ചെയ്യുകയും തീരുമാനങ്ങൾ എടുക്കുകയും ചെയ്യും.

വൈകുന്നേരം 7 മണിക്ക് കമ്മ്യൂണിറ്റി റൂമിലോ വീഡിയോ കോൺഫറൻസിംഗ് വഴിയോ ആയിരിക്കും ഈ കൂടിക്കാഴ്ചകൾ നടക്കുന്നത്.

ഫേസ്ബുക്കിൽ ഞങ്ങളെ കാണാൻ
**@CWSCParents**

## എന്താണ് പി&സിയുടെ ഉത്തരവാദിത്തം?

രക്ഷകർത്താക്കളെയും രക്ഷിതാക്കളെയും സ്കൂൾ കമ്മ്യൂണിറ്റിയിൽ പങ്കാളികളാക്കിക്കൊണ്ട് സ്കൂളിന് കമ്മ്യൂണിറ്റി പിന്തുണ നൽകും പി&സി. സ്കൂളിനും വിദ്യാർത്ഥികൾക്കും പിന്തുണ നൽകാനായി ഞങ്ങൾ ഇവന്റുകളും ധനസമാഹരണ ആക്ടിവിറ്റികളും നിർവഹിക്കും.

സ്കൂൾ ക്ലോത്തിങ്ങ് പൂൾ പ്രവർത്തിപ്പിക്കുന്നതിന്റെ ഉത്തരവാദിത്തം ഞങ്ങൾക്കാണ്.

## എങ്ങനെയാണ് പി & സി സ്കൂൾ ബോർഡിൽ നിന്ന് വ്യത്യാസ്തമായിരിക്കുന്നത്?

ഓരോ ഓസ്ട്രേലിയൻ ക്യാപിറ്റൽ ടെറിട്ടറി (ACT) സർക്കാർ സ്കൂളിനും ഒരു സ്കൂൾ ബോർഡ് ഉണ്ടായിരിക്കും — രക്ഷകർത്താക്കൾക്കും രക്ഷിതാക്കൾക്കും ജീവനക്കാർക്കും വിദ്യാർത്ഥികൾക്കും താന്താങ്ങളുടെ സ്കൂളിനു വേണ്ടി തീരുമാനമെടുക്കുന്നതിൽ പങ്കാളിയാകാൻ കഴിയുന്ന ഒരു സമിതിയാണ് ഇത്. അടിസ്ഥാനപരമായി, സ്കൂളിന്റെ നയരൂപീകരണ സ്ഥാപനമായാണ് ഈ ബോർഡ് പ്രവർത്തിക്കുന്നത്.

സ്കൂൾ ബോർഡ് വർഷത്തിൽ ചുരുങ്ങിയത് നാല് തവണ കൂടിക്കാഴ്ചകൾ നടത്തുകയും ഓരോ പദവിയിലേക്കും തിരഞ്ഞെടുപ്പുകൾ നടത്തുകയും ചെയ്യും. ബോർഡിലേക്ക് തിരഞ്ഞെടുക്കപ്പെട്ട അംഗങ്ങൾ കുറഞ്ഞത് 12 മാസം സേവനമനുഷ്ഠിക്കണം. എന്നാൽ അത് 24 മാസത്തിൽ കവിയുകയും അരുത്.

ഈ ബോർഡുമായി സഹകരിച്ച് പ്രവർത്തിക്കും പി&സി. ഇവർ മിക്കപ്പോഴും വിഷയങ്ങൾ ബോർഡിന് പരിഗണനയ്ക്കായി അയക്കുകയും ചെയ്യും.

## എന്താണ് ക്ലോത്തിങ്ങ് പൂൾ?

കുടുംബങ്ങൾക്ക് ഉപയോഗിച്ച സ്കൂൾ യൂണിഫോം വാങ്ങാനുള്ള ഒരു അവസരമാണ് ക്ലോത്തിങ്ങ് പൂൾ. രക്ഷകർത്താക്കൾക്കും രക്ഷിതാക്കൾക്കും സ്കൂളിൽ എത്തി കുറഞ്ഞ വിലയ്ക്ക് ഉപയോഗിച്ച യൂണിഫോമുകൾ തെരഞ്ഞെടുക്കാനും വാങ്ങാനും ഞങ്ങൾ പതിവായി ക്ലോത്തിങ്ങ് പൂൾ വിൽപ്പന സംഘടിപ്പിക്കാറുണ്ട്.

സ്കൂൾ യൂണിഫോം വാങ്ങാൻ സാമ്പത്തികമായി ബുദ്ധിമുട്ട് അനുഭവിക്കുന്ന കുടുംബങ്ങളെ സഹായിക്കാൻ എന്നും മുൻനിരയിൽ ഉണ്ടാകും പി&സി.

## എനിക്ക് എപ്പോൾ ഉപയോഗിച്ച സ്കൂൾ യൂണിഫോമുകൾ വാങ്ങാൻ കഴിയും?

ഓരോ അധ്യയന വർഷവും ഞങ്ങൾ സ്കൂളിൽ ക്ലോത്തിങ്ങ് പൂളിന് തുടക്കമിടും. ക്ലോത്തിങ്ങ് പൂൾ വിൽപ്പന തീയതിയും സമയവും സ്കൂൾ ന്യൂസ് ലെറ്ററിലും പി&സി ഫേസ്ബുക്ക് പേജിലും പരസ്യം ചെയ്യും.

## എനിക്ക് ക്ലോത്തിങ്ങ് പൂളിലേക്ക് സംഭാവന ചെയ്യാൻ കഴിയുമോ?

ഉപയോഗിച്ച നല്ല യൂണിഫോമുകൾ ക്ലോത്തിങ്ങ് പൂളിലേക്ക് സംഭാവന ചെയ്യാൻ ഞങ്ങൾ എല്ലാ രക്ഷകർത്താക്കളെയും രക്ഷിതാക്കളെയും പ്രോത്സാഹിപ്പിക്കുകയാണ്. അതിലൂടെ പി&സിക്കും സ്കൂളിനും ആവശ്യമായ ഫണ്ട് സ്വരൂപിക്കാൻ നിങ്ങൾ സഹായിക്കുകയാണ്.

നിങ്ങൾക്ക് സ്കൂൾ ഓഫീസിൽ ക്ലോത്തിങ്ങ് പൂളിലേക്കുള്ള സംഭാവന നൽകാം.

## മറ്റ് എന്തൊക്കെ കാര്യങ്ങളാണ് പി&സി ചെയയ്യുന്നത്?

കമ്മ്യൂണിറ്റിയുമായി കൂടുതൽ അടുത്തിടപഴകാനും ധനസമാഹരണത്തിനും ഉള്ള പുതിയ ആശയങ്ങളും അവസരങ്ങളും ഞങ്ങൾ എപ്പോഴും സ്വാഗതം ചെയ്യുന്നു. ഞങ്ങൾ നിരവധി ഇവന്റുകൾ നടത്തുകയും വിദ്യാർത്ഥികൾക്കും കുടുംബങ്ങൾക്കും നിരവധി സേവനങ്ങൾ നൽകുകയും ചെയ്യുന്നുണ്ട്. ഇനി പറയുന്നവ അടക്കമുള്ളവയാണ് കഴിഞ്ഞകാല പ്രവർത്തനങ്ങൾ:

- സ്കൂൾ ഡിസ്കോകൾ
- പുതിയ രക്ഷകർത്താക്കൾക്ക് വെൽകം ഗിഫ്റ്റുകൾ
- ടീച്ചർ താങ്ക് യു ഗിഫ്റ്റുകൾ
- വെൽകം പിക്നിക്കും ഇലക്ഷൻ ബാർബിക്യൂവും
- ട്രിവിയ നൈറ്റ്
- മദേഴ്സ് & ഫാദേഴ്സ് ഡേ ബ്രേക്ക്ഫാസ്റ്റ് ആന്റ് ഗിഫ്റ്റ് സ്റ്റാൾ
- കമ്മ്യൂണിറ്റി കരോളുകളിൽ കുക്കി ഡെക്കറേറ്റിങ്ങും ഗിഫ്റ്റ് സ്റ്റാളും
- നൈബർ ഡേ
- ധനസമാഹരണ ഇവന്റുകളുമായി ബന്ധപ്പെട്ട് സ്റ്റുഡന്റ് പാർലമെന്റുമായി ചേർന്ന് പ്രവർത്തിക്കൽ

## എനിക്ക് എങ്ങനെ വളണ്ടിയർ ആകാം?

നമ്മുടെ സ്കൂളിനെ സഹായിക്കാൻ നിങ്ങൾക്ക് ധാരാളം മാർഗങ്ങളുണ്ട്. ചില ആളുകൾ ഇനി പറയുന്നവ ചെയ്തു നൽകുന്നുണ്ട്:

- ക്ലോത്തിങ്ങ് പൂളിനായി യൂണിഫോം കഴുകുകയും അടുക്കുകയും ചെയ്യൽ
- ധനസമാഹരണ ഇവന്റുകൾക്ക് ഭക്ഷണം പാചകം ചെയ്തു നൽകൽ
- കമ്മ്യൂണിറ്റി ബാർബിക്യൂകളിൽ പാചകം ചെയ്തു നൽകൽ
- ഇവന്റുകളിൽ ഭക്ഷണം വിളമ്പൽ
- ഇവന്റുകൾ സംഘടിപ്പിക്കൽ

## ഏതൊക്കെ മാർഗങ്ങളിലൂടെ എനിക്ക് പി&സിയിൽ പ്രവർത്തിക്കാൻ കഴിയും?

നിങ്ങൾക്ക് പ്രവർത്തിക്കാൻ നിരവധി മാർഗങ്ങളുണ്ട്:

- ഒരു മീറ്റിംഗിൽ വരികയും പങ്കെടുക്കുകയും ചെയ്യാം
- ഞങ്ങളുടെ ഇവന്റുകൾക്കും പ്രവർത്തനങ്ങൾക്കും പിന്തുണ നൽകാം
- നിങ്ങളുടെ ധനസമാഹരണ ആശയങ്ങൾ പങ്കു വയ്ക്കാം
- സഹായിക്കാൻ വളണ്ടിയർമാരാകാം

## എനിക്ക് എങ്ങനെ പി&സിയെ ബന്ധപ്പെടാം?

നിങ്ങളുടെ ആശയങ്ങളും ഫീഡ്ബാക്കും അറിയാൻ ഞങ്ങൾ അങ്ങേയറ്റം ഉത്സുകരാണ്. ഒരു മീറ്റിംഗിൽ പങ്കെടുക്കാൻ ഞങ്ങൾ നിങ്ങളെ ഏവരെയും സ്വാഗതം ചെയ്യുകയാണ്.

ഇനി പറയുന്ന വിലാസത്തിൽ ഇമെയിൽ ചെയ്തു കൊണ്ടും നിങ്ങൾക്ക് പി&സിയെ ബന്ധപ്പെടാം:
**charleswestonparents@gmail.com**

## എനിക്ക് ഒരു പ്രശ്നമോ ആശങ്കയോ ഉണ്ട് ഞാൻ ആരോടാണ് പറയേണ്ടത്?

പി&സിയെക്കുറിച്ചാണ് പ്രശ്നവും ആശങ്കയുമെങ്കിൽ, അക്കാര്യം ഇമെയിലിലൂടെ ഞങ്ങളെ അറിയിക്കുകയോ നിങ്ങൾക്ക് ഒരു മീറ്റിംഗിൽ ഉന്നയിക്കുകയോ ചെയ്യാവുന്നതാണ്.

സ്കൂളിന്റെ നയത്തെയോ തന്ത്രങ്ങളെയോ കുറിച്ചുള്ള കാര്യങ്ങൾക്ക്, നിങ്ങൾക്ക് ഇനി പറയുന്ന വിലാസത്തിൽ ഇമെയിൽ ചെയ്തു കൊണ്ട് സ്കൂൾ ബോർഡുമായോ പ്രിൻസിപ്പാളുമായോ ബന്ധപ്പെടാവുന്നതാണ്:
**charlesweston@ed.act.edu.au**

നിങ്ങളുടെ കുട്ടിയുമായി ബന്ധപ്പെട്ട വിഷയങ്ങൾക്ക്, ഈ ഫോർമാറ്റ് ഉപയോഗിച്ച് ഇമെയിൽ ചെയ്തു കൊണ്ട് അവരുടെ ടീച്ചറെ ബന്ധപ്പെടാവുന്നതാണ്: **firstname.lastname@ed.act.edu.au**

**എല്ലാ ഇമെയിലുകൾക്കും പ്രതികരണം ലഭിക്കാൻ ദയവായി 48 മണിക്കൂർ വരെ സമയം അനുവദിക്കുക.**

**മറ്റ് കുടുംബങ്ങളെ കണ്ടുമുട്ടാനും ചാൾസ് വെസ്റ്റൺ സ്കൂൾ കമ്മ്യൂണിറ്റിയിൽ ബന്ധങ്ങൾ ഉണ്ടാക്കാനുമുള്ള മികച്ച മാർഗമാണ് പി&സി**

## അടിയന്തരഘട്ടങ്ങളിൽ ബന്ധപ്പെടാൻ

എന്തെങ്കിലും അടിയന്തര ഘട്ടം ഉണ്ടാകുന്ന പക്ഷം, 02 6142 0404 എന്ന നമ്പറിൽ സ്കൂൾ ഓഫീസിലേക്ക് ദയവായി വിളിക്കുക.

ACT Government
Education